# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26



ST. THOMAS L P S
AMALAGIRI

# ആമുഖം

ഇടുക്കി ജില്ലയിലെ പീരുമേട് വിദ്യാഭ്യാസ ഉപജില്ലയുടെ കീഴിൽ വരുന്ന സെന്റ്. തോമസ് എൽ.പി. സ്കൂൾ അമലഗിരി പെരുവന്താനം ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ സ്ഥിതി ചെയ്യുന്നു. 1983ൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയത്തിൽ നിരവധി കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നേടുകയും സർഗാത്മക കഴിവുകളെ കണ്ടെത്തി വളർത്തുകയും ചെയ്തിട്ടുണ്ട്. അമലഗിരി എന്ന പ്രദേശത്തിന്റെ വിവിധങ്ങളായ സാമൂഹിക സാംസ്കാരിക വികസനത്തിനും പരിണാമത്തിനും സുപ്രധാന പങ്കുവഹിക്കുന്നതിന് നാളിതുവരെ ഉള്ള പ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്. ജാതി മത ഭാഷാഭേദം ഇല്ലാതെ സഹവർത്തിത്വത്തോടും സഹകരണത്തിലും വിദ്യ നേടുന്നതിൽ കുട്ടികൾ അക്ഷീണം പ്രയത്നിക്കുന്നു. കുട്ടികളുടെ പഠനത്തിന് മാതാപിതാക്കൾ വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. കൂടാതെ, പ്രദേശികരായ ആളുകളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും സഹകരണത്തിൽ സ്കൂൾ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്താൻ കഴിയുന്നു. പുതിയ അധ്യയനവർഷത്തിൽ കുട്ടികളുടെ വിദ്യാഭ്യാസത്തെയും അക്കാദമിക പ്രവർത്തനങ്ങളെയും ഏറെ പ്രതീക്ഷയോടെ കാണുന്നു. മുൻവർഷങ്ങളിൽ ഉണ്ടായിരുന്നതു പോലെ മികച്ച നേട്ടങ്ങൾ നേടാനും നാടിനും നാട്ടുകാർക്കും അഭിമാനമായി തീരാനും കഴിയുമെന്ന ശുഭപ്രതീക്ഷയോടെ...

# വിദ്യാലയ ചരിത്രം

മലയോര ജില്ലയായ ഇടുക്കി ജില്ലയിലെ ഒരു കുടിയേറ്റ ഗ്രാമമാണ് അമലഗിരിയുടെ ചരിത്രം തുടങ്ങുന്നത്. അന്നത്തെ പ്രാദേശികരായ ജനങ്ങളുടെ ശ്രമഫലമായാണ് ഈ വിദ്യാലയത്തിന്റെ തുടക്കം കുറിക്കുന്നത്. ബഹുമാനപ്പെട്ട ഫിലിപ്പ് പരുവനാനി അച്ചന്റെ നേതൃത്വത്തിൽ പടുത്തുയർത്തപ്പെട്ട വിദ്യാലയത്തിന് ഗവൺമെന്റ് അംഗീകാരം ലഭിക്കുകയും 1983 ജൂൺ 1 മുതൽ ഔദ്യോഗികമായി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 1983 ആഗസ്റ്റ് 6ന് അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ. റ്റി.എം. ജേക്കബ് വിദ്യാലയത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നടത്തി വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ശ്രീ. കെ.എ. സെബാസ്റ്റ്യൻ കാരാട്ടില്ലം ആദ്യ ടീച്ചർ ഇൻ ചാർജ്ജ് ആയി നിയമിതനായി. ഫാ. ഫിലിപ്പ് പരവനാനി സ്കൂൾ മാനേജർ സ്ഥാനം ഏറ്റെടുത്തു.

1986-87 കാലഘട്ടത്തിലാണ് വിദ്യാലയം ഒരു എൽ.പി. ആയി ഉയർത്തപ്പെടുന്നത്. 2008 മാർച്ചിൽ വിദ്യാലയത്തിന്റെ രജത ജൂബിലി ആഘോഷം കൊണ്ടാടി. ഇന്ന് 43-ാം വർഷത്തിന്റെ നിറവിൽ സ്കൂൾ വിളങ്ങി നില്ക്കുന്നു.

# പൊതു ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും മികച്ച നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക. കുട്ടിയുടെ നിലവാരം ഉയർത്തുക.
- കുട്ടിയെ അറിയുക. സാമൂഹിക സാംസ്കാരിക കുടുംബപശ്ചാത്തലം മനസ്സിലാക്കുക.
- ഓരോ കുട്ടിയെയും പ്രത്യേകമായി കണ്ട് അവരുടെ സർവ്വ വികസനം ഉറപ്പാക്കുക.
- എഴുത്ത്, വായന, ഭാഷണം എന്നിവയിൽ വികാസം നേടുക, ചതുഷ്ക്രിയകൾ ഉറപ്പിക്കുക.
- പഠനത്തിൽ പിന്നാക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നല്കുക.
- പഠനനിലവാരം ഉയർത്തുന്നതിനായി പഠനരീതികൾ/തന്ത്രങ്ങൾ മെച്ചപ്പെടുത്തുക.
- ഐ.സി.ടി. അധിഷ്ഠിത പഠനം ഉറപ്പാക്കുക. നൂതന സാങ്കേതിക വിദ്യകൾ, ഉപകരണങ്ങൾ, ആർട്ടിഫിഷ്യൽ ഇന്റലിജെന്റ്സ് വിദ്യകൾ എന്നിവ ഉപയോഗപ്പെടുത്തുക.
- കുട്ടികളിലെ സർഗാത്മക കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുകയും പരിശീലനം നല്കി അവ വളർത്തുകയും ചെയ്യുക.
- മാതാപിതാക്കളുമായി ആത്മബന്ധം ഉറപ്പാക്കുക. സാമൂഹിക പങ്കാളിത്തം പരിപോഷിപ്പിക്കുക.
- പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. പ്ലാസ്റ്റിക് വർജ്ജിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുക.
- പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഔഷധത്തോട്ടം എന്നിവ നിർമ്മിക്കുക.

# പ്രതീക്ഷിത നേട്ടങ്ങൾ

- കുട്ടികൾ നേടേണ്ടതായ പഠനനേട്ടങ്ങൾ നേടി ഫലപ്രാപ്തി ഉറപ്പാക്കുക.
- കാലഘട്ടത്തിനും സമൂഹത്തിനും യോജിച്ച പക്വതയുള്ള വ്യക്തിത്വവും മാനവികത പോലെയുള്ള മൂല്യങ്ങളും
- അക്കാദമികമായ കഴിവുകളിൽ പ്രാവീണ്യമുള്ളവരാവുകയും പ്രായോഗികതലത്തിൽ അവ ഉപയോഗപ്പെടുത്തുകയും ചെയ്യുക.
- ഐസി.ടി. ഉപയോഗിച്ച് പ്രായോഗിക അറിവ് നേടുകയും നൂതന സാങ്കേതികവിദ്യകളെക്കുറിച്ച് അറിവ് നേടുകയും ചെയ്യുക.
- പരസ്പരസ്നേഹവും ബഹുമാനവും ഉണ്ടാവുകയും ചെയ്യുക. സഹവർത്തിത്വത്തോടെയും സൗഹൃദമനോഭാവത്തിലും പ്രവർത്തിക്കുകയും ചെയ്യുക.
- സ്കൂൾ നിയമങ്ങൾ പാലിക്കുക. പ്രായോഗികജീവിതത്തിൽ നിയമങ്ങൾ അനുസരിച്ചുള്ള ജീവിതം നയിക്കാൻ പ്രാപ്തരാക്കുക.
- സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളെ കണ്ടെത്തുക. അപകടസാധ്യതകളിൽ നിന്നും രക്ഷപെടാനുള്ള പ്രായോഗിക അറിവ് നേടുക.
- സ്കൂളിന്റെ പ്രവർത്തനങ്ങളുടെ മെച്ചപ്പെടുത്തലുകൾ. നേട്ടങ്ങൾ സൃഷ്ടിക്കുകയും സ്കൂളിന്റെ യശസ്സുയർത്തുകയും ചെയ്യുക.
- മികവ് പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം. വ്യക്തിഗതമായ കഴിവുകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കൽ

# വിദ്യാലയത്തിന്റെ ശക്തികൾ

- ശക്തമായ മാനേജ്മെന്റ്
- അർപ്പണ മനോഭാവമുള്ള അധ്യാപകർ
- സുശക്തമായ പി.ടി.എ & എം.പി.ടി.എ
- എ.ഇ.ഒ, ബി.ആർ.സി തലങ്ങളിലെ പിന്തുണ
- സഹകരണ മനോഭാവമുള്ള പഞ്ചായത്ത് ഭരണ സംവിധാനവും ജനപ്രതിനിധികളും
- പൂർവ്വ വിദ്യാർത്ഥികൾ
- സഹായ മനോഭാവമുള്ള നാട്ടുകാർ
- മികച്ച പഠനാന്തരീക്ഷം
- ശിശു സൗഹൃദ പഠനരീതികൾ
- പച്ചക്കറിത്തോട്ടം, ഉദ്യാനം തുടങ്ങിയവ
- പഠനത്തിനാവശ്യമായ സാമഗ്രികൾ, ഐടി ഉപകരണങ്ങൾ
- പ്രത്യേക പരിശീലനങ്ങൾ
- മികവ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ
- സമീപത്തെ എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന സഹകരണവും പിന്തുണയും

പ്രവർത്തനത്തിന്റെ പേര്: സ്കൂൾ അസംബ്ലി

മേഖല: അക്കാദമിക സമഗ്രവികസനം ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ്, സർഗാത്മക രചന എന്നിവയുടെ പരിപോഷണം | അസംബ്ലി സംഘാടനം<br>പ്രധാന വാർത്തകൾ - മലയാളം ഇംഗ്ലീഷ്<br>പൊതുവിജ്ഞാന ചോദ്യങ്ങൾ, കടങ്കഥ<br>പ്രസംഗം - ഇംഗ്ലീഷ്, മലയാളം<br>ദിനാചരണം - നിർദ്ദിഷ്ട വിഷയം<br>കവിത - മലയാളം, ഇംഗ്ലീഷ്<br>ഇന്നത്തെ കഥ - മലയാളം ഇംഗ്ലീഷ്<br>വായനക്കുറിപ്പ് | ജൂൺ - മാർച്ച് | SRG, ക്ലബുകൾ | |

പ്രവർത്തനത്തിന്റെ പേര്: ദിനാചരണങ്ങൾ

മേഖല: അക്കാദമികം സമഗ്രവികസനം ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ദിനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക. | ജൂൺ 5 മുതൽ മാർച്ച് വരെ ഉള്ള പ്രധാനപ്പെട്ട ദിനാചരണങ്ങൾ തെരഞ്ഞെടുത്ത് SRG യിൽ ചർച്ചചെയ്ത് തന്നതു ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | വർഷത്തിലെ അതാതു ദിനങ്ങൾ | SRG, വിവിധ ക്ലബുകൾ | |

പ്രവർത്തനത്തിന്റെ പേര്: ബലസഭ

മേഖല: അക്കാദമികം സമഗ്രവികസനം ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക കഴിവുകളുടെ വികാസം | ഒന്നിടവിട്ടുള്ള എല്ലാ വെള്ളിയാഴ്ചകളിലും അവസാന പീരിഡ് ക്ലാസ് തലത്തിലും രണ്ടു മാസത്തിലൊരിക്കൽ സ്കൂൾ തലത്തിലും കുട്ടികളിലെ കലാവാസനകളെ പ്രകടിത രൂപങ്ങളാക്കി അവതരിപ്പിക്കുന്നു. | വിവിധ ആഴ്ചകളിൽ | SRG/ ക്ലാസ് ടീച്ചർ | |

പ്രവർത്തനത്തിന്റെ പേര്: ക്ലാസ് ലൈബ്രറി
മേഖല: അക്കാദമികം, ഭാഷാശേഷിയുടെ വികാസം ദീർഘകാലം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാശേഷിയുടെ സമഗ്രവികസനം | ക്ലാസ്സിൽ ലൈബ്രറി ഒരുക്കി രജിസ്റ്റർ തയ്യാറാക്കി കുട്ടികൾക്ക് പുസ്തക വിതരണം വായനാക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ - മാർച്ച് വരെ | SRG | |

പ്രവർത്തനത്തിന്റെ പേര്: നാടൻ കളികൾ
മേഖല: അക്കാദമികം, മധ്യകാലം, കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ പരിചയപ്പെടൽ, കളികളിൽ ഏർപ്പെടൽ | തലപ്പന്തുകളി, കിളിത്തട്ടുകളി, കുട്ടിയും കോലും കളി, ഞൊണ്ടിക്കളി, അക്കുകളി, എണ്ണൽകളി, ഇവയുടെ പരിശീലനം. | സെപ്റ്റംബർ - ഒക്ടോബർ | SRG | |

പ്രവർത്തനത്തിന്റെ പേര്: ഹലോ ഇംഗ്ലീഷ്
മേഖല: അക്കാദമികം, ദീർഘകാലം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാശേഷി വികസിപ്പിക്കുക. | വിവിധ പ്രവർത്തനങ്ങൾ നൽകിയും അതിലൂടെ വിനിമയത്തിലൂടെയും ഇംഗ്ലീഷ് ഭാഷാശേഷി വികസിപ്പിക്കുന്നു. | ജൂൺ - മാർച്ച് വരെ | SRG | |

പ്രവർത്തനത്തിന്റെ പേര്: ഉല്ലാസഗണിതം
മേഖല: അക്കാദമികം, ഗണിതശേഷി, ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ഗണിതക്രിയകൾ ചെയ്യാനുള്ള ശേഷികൾ വികസിപ്പിക്കാനും | കുട്ടികളെക്കൊണ്ട് ഗണിതശേഷികൾ നേടാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. വിട്ടയായ ക്ലാസ് നടത്തുന്നു, കളികളിലൂടെയുള്ള പഠനം | ജൂൺ-മാർച്ച് | SRG, ഗണിത ക്ലബ് | |

പ്രവർത്തനത്തിന്റെ പേര്: പൊതുവിജ്ഞാനം
മേഖല: അക്കാദമികം, പൊതുവിജ്ഞാനം, ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൊതുവിജ്ഞാനം നേടൽ | ദിനാചരണങ്ങൾ, പത്രവാർത്ത, മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നൽകൽ, മത്സരം സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG, ചുമതലയുള്ള ടീച്ചർ | |

പ്രവർത്തനത്തിന്റെ പേര്: മലയാളത്തിളക്കം
മേഖല: അക്കാദമികം, ഭാഷാശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ മലയാളഭാഷാ പരിപോഷണം | കുട്ടികൾക്ക് കൃത്യമായ പ്രവർത്തനങ്ങൾ നൽകിക്കൊണ്ടും പ്രവർത്തനങ്ങളിലൂടെയും മലയാളഭാഷാശേഷി വികസിപ്പിക്കുന്നു. | ജൂൺ-മാർച്ച് | SRG, വിദ്യാരംഗം | |

പ്രവർത്തനത്തിന്റെ പേര്: ഡ്രൈ ഡേ ആചരണം
മേഖല : അക്കാദമികം - ശുചീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയത്തിൽ PTA അംഗങ്ങളും അധ്യാപകരും കുട്ടികളും ചേർന്ന് ശുചീകരിക്കുന്നു. | സ്കൂൾ പരിസരം വൃത്തിയാക്കുന്നു. കൊതുക് പെരുകുന്ന സാഹചര്യങ്ങൾ തടയുന്നു. എല്ലാ ആഴ്ചയും പ്രവർത്തനം നടത്തൽ. മാലിന്യമുക്തമാക്കൽ | ജൂൺ - മാർച്ച് | പരിസ്ഥിതി ക്ലബ് | |

പ്രവർത്തനത്തിന്റെ പേര്: പ്രകൃതി നിരീക്ഷണം
മേഖല : അക്കാദമികം, പ്രഹസ്യകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനകാര്യങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിന് അവസരമൊരുക്കൽ പ്രകൃതിനിരീക്ഷണം നടത്തൽ | ഫീൽഡ് ട്രിപ്പിലൂടെ പ്രകൃതിയിലേക്കിറങ്ങിയും ശാസ്ത്രീയ നിരീക്ഷണത്തിലേർപ്പെടുകയും ചെയ്യുന്നു. പ്രകൃതിനിരീക്ഷണത്തിലൂടെ വസ്തുതകളെ കണ്ടും തൊട്ടും അറിയുകയും ആവശ്യമായ ദത്തങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. | ജൂൺ - മാർച്ച് | SRG ശാസ്ത്ര ക്ലബ് | |

പ്രവർത്തനത്തിന്റെ പേര്: കളികളിലൂടെ പഠനം
മേഖല : അക്കാദമികം, സാമൂഹികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾ കളികളിലൂടെ പഠനാനുഭവത്തിൽ എത്തിക്കുന്നു. | കുട്ടികൾക്ക് ക്ലാസ്സ്മുറികളിൽ വിവിധ കളികളിലൂടെ രസകരമായി പഠിക്കുന്നതിന് അവസരം ഒരുക്കുന്നു. | ജൂൺ-മാർച്ച് | ടീച്ചർ | |

പ്രവർത്തനത്തിന്റെ പേര്: കഥയരങ്ങ്
മേഖല : അക്കാദമികം, സർഗാത്മക വികസനം , ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം | പാഠഭാഗവുമായി ബന്ധപ്പെട്ട് സ്വതന്ത്ര കഥാരചന, കവിതാരചന, കഥാരൂപണം ഇവയ്ക്ക് അവസരം ഒരുക്കുന്നു. | 2 മാസത്തിലൊരിക്കൽ | SRG | |

പ്രവർത്തനത്തിന്റെ പേര്: വിവര സാങ്കേതിക വിദ്യ
മേഖല : അക്കാദമികം, മധ്യകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐ.ടി. സാധ്യതകളിലൂടെ പഠനം, | പാഠഭാഗം IT സാധ്യതകൾ പ്രയോജനപ്പെടുത്തി അവതരിപ്പിക്കൽ, ചിത്രംവര, പെയിന്റിംഗ്, വിവിധ ഗെയിമുകൾ പരിചയപ്പെടുത്തൽ | ജൂൺ-മാർച്ച് | ടീച്ചർ | |

പ്രവർത്തനത്തിന്റെ പേര്: വിദ്യാരംഗം
മേഖല: അക്കാദമികം, സമഗ്രവികസനം ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകതയുടെ വികാസം, ഭാഷാപരമായ അവതരണങ്ങൾ സൃഷ്ടിക്കൽ | മാസത്തിലൊരിക്കൽ കുട്ടികളുടെ സഭ കൂടുന്നു. സർഗാത്മകരചനകളിൽ ഏർപ്പെടുന്നു. സൃഷ്ടികൾ അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് | വിദ്യാരംഗം | |

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് ഗ്രാമർ പഠനം
മേഖല: അക്കാദമികം, സമഗ്രവികസനം മധ്യകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ തെറ്റുകൂടാതെ ഉപയോഗിക്കുന്നതിന് ഗ്രാമർ പഠനത്തിലൂടെ പ്രാപ്തി നേടുക. | സ്പോക്കൺ ഇംഗ്ലീഷ്, അസംബ്ലി, ഡയറി, സർഗാത്മക പ്രവർത്തനങ്ങൾ, എഴുത്ത്, ചർച്ച എന്നീ പ്രവർത്തനങ്ങൾ. | ജൂൺ - മാർച്ച് | ടീച്ചർ | |

പ്രവർത്തനത്തിന്റെ പേര്: പച്ചക്കറിത്തോട്ടം, പൂന്തോട്ടം
മേഖല: അക്കാദമികം ദീർഘകാലം സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ പൂന്തോട്ടം പച്ചക്കറിത്തോട്ടം എന്നിവ നിർമിക്കാൻ താൽപര്യം ജനിപ്പിക്കൽ | പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവ നട്ടുവളർത്തുന്നു. കാർഷിക സംസ്കാരത്തെ പരിചയപ്പെടുത്തൽ, പഠനപ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ. | ജൂൺ - മാർച്ച് | നേച്ചർ ക്ലബ് SRG | |

പ്രവർത്തനത്തിന്റെ പേര്: സംയുക്ത ഡയറി/സർഗാത്മക ഡയറി.
മേഖല : അക്കാദമികം, സർഗ്ഗവികസനം, ദീർഘകാലം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യക്തിഗതമായി ഡയറി എഴുതുന്നു (ഇംഗ്ലീഷ്/മലയാളം) | വ്യക്തിഗതമായ സ്വന്തം എഴുത്ത് നടത്താനും ഭാഷാപഠനം എളുപ്പമാക്കാനും ഡയറി എഴുത്ത് പ്രോത്സാഹിപ്പിക്കാനും ദിനംതോറും ഉള്ള പ്രവർത്തനം | ജൂൺ - മാർച്ച് | ടീച്ചർ | |

പ്രവർത്തനത്തിന്റെ പേര്: റീഡേഴ്സ് തിയേറ്റർ
മേഖല: അക്കാദമികം സർഗ്ഗവികസനം ദീർഘകാലം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗത്തിന്റെ ഉചിതമായ ദൃശ്യാവിഷ്കാരം. | വിവിധ പാഠഭാഗങ്ങളെ ഉചിതമായ രീതിയിൽ നാടകം, സംഭാഷണം, ദൃശ്യാവിഷ്കാരത്തിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ടീച്ചർ വിദ്യാർത്ഥികൾ | |

പ്രവർത്തനത്തിന്റെ പേര്: കലാകായിക പ്രവൃത്തി പരിചയം
മേഖല: അക്കാദമികം, കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാകായിക പ്രവൃത്തി പരിചയ മേഖലകളിലെ കഴിവുകൾ വികസിപ്പിക്കുന്നു | കുട്ടികളെ വിവിധ കലാകായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുക. മത്സരപരിപാടികളിൽ പങ്കാളിത്തം ഉറപ്പാക്കുക | ജൂൺ - മാർച്ച് | പ്രവൃത്തിപരിചയ ക്ലബ് ടീച്ചർ | |